**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കൊയിലാണ്ടി നഗരസഭ-- കൊല്ലം മത്സ്യമാർക്കറ്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുവേണ്ടി 38.85 സെന്റ് സ്ഥലം ഉഭയകക്ഷി സമ്മതപ്രകാരം വാങ്ങുന്നതിന് 2016-17 ലെ പദ്ധതി വിഹിതത്തിൽ വകയിരുത്തിയ തുകയിൽ നിന്നും 1,60,00,00/- രൂപ ചെലവഴിക്കുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ) നം.3451/16/ത.സ്വ.ഭ.വ    തീയതി, തിരുവനന്തപുരം, 19.12.2016.

---

പരാമർശം - 1) 16.11.2013 ലെ സ.ഉ(എം.എസ്) നം.362/2013/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്

2) 08.07.2016 ലെ സ.ഉ(സാധാ) നം.2107/2016/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്

**3)** കൊയിലാണ്ടി നഗരസഭാ സെക്രട്ടറിയുടെ 19/07/2016-ലെ ആർ1-11922/09 നമ്പർ കത്ത്

**4)** നഗരകാര്യ ഡയറക്ടറുടെ 20.9.2016 ലെ ഡിസി 4/18960/16 നം. കത്ത്.

**<u>ഉത്തരവ്</u>**

കൊയിലാണ്ടി നഗരസഭയ്ക്ക് കൊല്ലം മത്സ്യമാർക്കറ്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുവേണ്ടി 38.85 സെന്റ് സ്ഥലം ഉഭയകക്ഷി സമ്മതപ്രകാരം വാങ്ങുന്നതിനും പ്രസ്തുത വാങ്ങലിന്റെ രജിസ്ട്രേഷൻ ചാർജ്ജ് ഉൾപ്പെടെയുള്ള ചെലവുകൾക്കുമായി 1,60,00,000/- (ഒരു കോടി അറുപതു ലക്ഷം രൂപാ മാത്രം) തനതുഫണ്ടിൽ നിന്നും ഉപയോഗിക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകി.

2) കൊയിലാണ്ടി നഗരസഭയ്ക്ക് കൊല്ലം മത്സ്യമാർക്കറ്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുവേണ്ടി ഉഭയകക്ഷി സമ്മതപ്രകാരം സ്ഥലം വാങ്ങുന്നതിന് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് പകരം 2016-17 ലെ പദ്ധതി വിഹിതത്തിൽ വകയിരുത്തിയ തുകയിൽ നിന്നും 1,60,00,000/- രൂപ വിനിയോഗിച്ച് പ്രസ്തുത സ്ഥലം വാങ്ങുന്നതിന് അനുമതി ലഭ്യമാക്കണമെന്ന് കൊയിലാണ്ടി നഗരസഭാ സെക്രട്ടറി നഗരകാര്യ ഡയറക്ടർ മുഖേന സർക്കാരിലേയ്ക്ക് അപേക്ഷിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗത്തിൽ 55% വരെ പശ്ചാത്തല മേഖലയ്ക്കായി

ഉപയോഗിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നല്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കൊയിലാണ്ടി നഗരസഭയ്ക്ക് കൊല്ലം മത്സ്യമാർക്കറ്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുവേണ്ടി 38.85 സെന്റ് സ്ഥലം ഉഭയകക്ഷി സമ്മതപ്രകാരം വാങ്ങുന്നതിന് തനതുഫണ്ടിൽനിന്നും തുക ചെലവഴിക്കുന്നതിനു പകരം 2016-17 ലെ പദ്ധതി വിഹിതത്തിൽ വകയിരുത്തിയ തുകയിൽ നിന്നും 1,60,00,00/- രൂപ(ഒരു കോടി അറുപത് ലക്ഷം രൂപമാത്രം) ചെലവഴിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ഡെപ്യൂട്ടി സെക്രട്ടറി.

സെക്രട്ടറി, കൊയിലാണ്ടി നഗരസഭ, കോഴിക്കോട് ജില്ല
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ , കോഴിക്കോട്
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(എൽ.ബി.എ&എ), കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം/അയയ്ക്കുന്നത്

സെക്ഷൻ ഓഫീസർ